പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1813 05.02.2019-ലെ മറുപടിക്ക്

# ഡ്യൂട്ടിക്കിടെ അപകടത്തിൽപ്പെടുന്ന ജീവനക്കാർക്കുള്ള സംരക്ഷണം

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്യൂട്ടിക്കിടെ അപകടത്തിലോ അത്യാഹിതത്തിലോപ്പെടുന്ന ജീവനക്കാർക്ക് എന്തെല്ലാം സംരക്ഷണങ്ങളാണ് മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ കൃത്യനിർവ്വഹണത്തിനിടയിൽ അപകടങ്ങളെ തുടർന്ന് അവശതയുണ്ടാകുന്നവർക്ക് അവശതയ്ക്കുള്ള പ്രത്യേക അവധി അനുവദിച്ചുവരുന്നു. ഡ്യൂട്ടിക്കിടെ അപകടത്തിലോ, അത്യാഹിതത്തിലോ പെടുന്ന ജീവനക്കാർക്ക് തൊട്ടടുത്തുള്ള ആശുപത്രിയിൽ ജീവൻ രക്ഷാർത്ഥമുള്ള അടിയന്തിര ചികിത്സ തേടുന്നതിനും, അപകടവുമായി ബന്ധപ്പെട്ട് പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിയ്ക്കാനും അടിയന്തിര ഘട്ടത്തിൽ മരുന്നു വാങ്ങുന്നതിനുമുള്ള തുക കളക്ഷനിൽ നിന്നും ചിലവാക്കാവുന്നതിനുമുള്ള നിർദ്ദേശം ജീവനക്കാർക്ക് മാനേജ്മെന്റ് നൽകിയിട്ടുണ്ട്.<br>അപകടം സംഭവിച്ച വിവരം ഉടൻതന്നെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലും അടുത്തുള്ള ഡിപ്പോയിലും കെ.എസ്.ആർ. ടി.സി കൺട്രോൾ റൂമിലും കൂടാതെ, അപകടം സംഭവിച്ചവരുടെ ബന്ധുക്കളെയും അറിയിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ, അപകടം സംഭവിച്ച ജീവനക്കാരന് ഡ്യൂട്ടിയിൽ തുടരാൻ കഴിയാത്തപക്ഷം അടുത്തുള്ള ഡിപ്പോയിൽ വിവരം അറിയിച്ച് അവിടെ നിന്നും വരുന്ന കോർപ്പറേഷൻ ഉദ്യോഗസ്ഥൻവശം ഡ്യൂട്ടി ചുമതല കൈമാറാവുന്നതുമാണ്.<br>കൂടാതെ ഡ്യൂട്ടിക്കിടയിൽ ഉണ്ടാകുന്ന അപകടത്തെ തുടർന്ന് ജീവൻ രക്ഷാർത്ഥം തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലെ (Non- Notified Hospital ആയാൽ പോലും) അടിയന്തിര ചികിത്സയ്ക്ക് |

| | | | |
|---|---|---|---|
| | | | അടിയന്തിര ചികിത്സാ സഹായവും, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റും അനുവദിക്കുന്നുണ്ട്. കൂടാതെ, അപകടത്തിൽപ്പെടുന്ന ജീവനക്കാർക്ക് സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷയും, കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള സെസ് ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്. അപകടത്തെ തുടർന്ന് സർക്കാർ ആശുപത്രികളിലോ അംഗീകാരമുള്ള മറ്റ് ആശുപത്രികളിലോ ഒരു മാസക്കാലമോ കൂടുതലോ കിടത്തി ചികിത്സയിലായിരുന്ന ജീവനക്കാരന് ഒരു വർഷത്തേയ്ക്ക് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതും കൂടാതെ ഡ്യൂട്ടിയിൽ പുനഃപ്രവേശിച്ചതിനുശേഷം ഒരു വർഷക്കാലം സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നതുമാണ്. |
| (ബി) | മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണങ്ങൾ യൂണിറ്റ് അധികാരികൾ പാലിക്കാറുണ്ടോ; ഇത് പരിശോധിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് അനുവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണങ്ങൾ യൂണിറ്റ് അധികാരികൾ പാലിക്കാറുണ്ട്. ഡ്യൂട്ടിക്കിടയിൽ അപകടമോ, അത്യാഹിതമോ സംഭവിക്കുന്ന ജീവനക്കാർക്ക് മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റധികാരികൾക്ക് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ അപകടമോ, അത്യാഹിതമോ ഉണ്ടാകുന്നപക്ഷം ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് അപകടം സംഭവിച്ച മേഖലയിലെ ബന്ധപ്പെട്ട യൂണിറ്റിലെ ഇൻസ്പെക്ടറിൽ നിന്നും ജീവനക്കാരൻ |

| | | | |
|---|---|---|---|
| | | | സേവനം അനുഷ്ഠിക്കുന്ന യൂണിറ്റിലെ ഇൻസ്പെക്ടറിൽ നിന്നും യൂണിറ്റധികാരി മുഖേന ലഭ്യമാക്കുന്നുണ്ട്. |
| (സി) | അപകടമോ അത്യാഹിതമോ സംഭവിച്ചാൽ ജീവനക്കാരനെ ഉപേക്ഷിച്ച ശേഷം ജോലി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകാറുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ നിർദ്ദേശം നൽകുന്ന അധികാരികളുടെ പേരിൽ നടപടി കൈക്കൊള്ളുമോ; | (സി) | അപകടമോ അത്യാഹിതമോ സംഭവിച്ചാൽ ജീവനക്കാരനെ ഉപേക്ഷിച്ച ശേഷം ജോലി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകാറില്ല. |
| (ഡി) | 17-12-18-ൽ ആറ്റിങ്ങൽ ഡിപ്പോയിലെ എസ്.ഷിജു എന്ന ഡ്രൈവർ ഡ്യൂട്ടിയ്ക്കിടെ കുഴഞ്ഞുവീണപ്പോൾ ഈ ജീവനക്കാരനെ രക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി യൂണിറ്റിൽ നിന്നും കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി ആരെല്ലാം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ശ്രീ. ഷിജു.എസ്, ഡ്രൈവർ 17.12.18-ൽ ഡ്യൂട്ടിക്കിടയിൽ സുഖമില്ലാതായി എന്ന വിവരം യൂണിറ്റിൽ വിളിച്ചറിയിച്ചതിനെ തുടർന്ന് അടിയന്തിരമായി വൈദ്യസഹായം ലഭ്യമാക്കുന്നതിനായി ഡ്യൂട്ടി കണ്ടക്ടറെ ചുമതലപ്പെടുത്തുകയും ആയതനുസരിച്ച് സർവ്വീസ് നിർത്തിവച്ച് തൊട്ടടുത്തുള്ള വർക്കല മിഷൻ ഹോസ്പിറ്റലിൽ എത്തിക്കുകയും മേൽപ്പടി ഡ്രൈവർ തന്നെ തന്റെ ബന്ധുക്കളെ വിളിച്ച് വരുത്തുകയും ആശുപത്രിയിൽ തുടർ ചികിത്സക്കായി സമ്മതപത്രം ബന്ധുക്കൾ എഴുതി നൽകുകയും ചെയ്തിട്ടുണ്ട്. ഡ്യൂട്ടി കണ്ടക്ടർ അറിയിച്ചതിനെ തുടർന്ന് യൂണിറ്റ് ഓഫീസർമാരും ഇൻസ്പെക്ടർമാരും ആശുപത്രിയിലേക്ക് തിരിക്കുകയും വഴിമദ്ധ്യേ ടിയാൻ ചികിത്സയിലിരിക്കെ മരണപ്പെട്ടതായി അറിയിക്കുകയും ചെയ്തു. ടിയാനെ |

| | | | |
|---|---|---|---|
| | | | രക്ഷപ്പെടുത്തുന്നതിനായി യൂണിറ്റിൽ നിന്നും സാധ്യമായ എല്ലാ സഹായവും ചെയ്തിട്ടുണ്ട്. |
| (ഇ) | 14 ആകസ്മിക അവധി ഉണ്ടായിരുന്നിട്ടും സുഖമില്ലാതിരുന്ന ആളിനെ ലീവ് നൽകാതെ നിർബന്ധിച്ച് ഡ്യൂട്ടിയ്ക്ക് അയച്ചതാണ് മരണത്തിന് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്ക് എതിരെ നടപടി കൈക്കൊള്ളുമോ; | (ഇ) | ഇതുസംബന്ധിച്ചുള്ള അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (എഫ്) | പ്രസ്തുത ദിവസത്തെ ജോലി പൂർത്തികരിയ്ക്കാത്തതിനാൽ മരണം സംഭവിച്ച ആളിന് മണിക്കൂർ കണക്കാക്കി വേജസ് നൽകിയാൽ മതിയെന്ന് നിർദ്ദേശം നൽകിയത് ആരാണ്; എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്; മരണപ്പെട്ട ഡ്രൈവറുടെ വേജസ് കൈപ്പറ്റിയ കൂടെ ജോലി ചെയ്ത കണ്ടക്ടറെ വീട്ടിൽ നിന്ന് തിരികെ വരുത്തി വേ ബിൽ വെട്ടിത്തിരുത്തി വേജസ് തിരികെ അടപ്പിച്ചിട്ട് പ്രസ്തുത ഡ്രൈവർക്ക് മുഴുനീള ഡ്യൂട്ടി നൽകാൻ തീരുമാനിച്ചത് ആരാണെന്നും എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്നും വിശദീകരിക്കുമോ; | (എഫ്) | യൂണിറ്റ് തലത്തിൽ അന്വേഷണം നടന്നു വരുന്നു. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ജി) | ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണത്തിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ജി) | അന്തിമ റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**